## പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 400 11.12.2012 ൽ മറുപടിയ്ക്ക്

## സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. അബ്ദുൾഖാദർ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കാനുള്ള നയത്തിന് അന്തിമ രൂപം നൽകിയിട്ടുണ്ടോ; ഇത് സംബന്ധമായി പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (എ) സ്വകാര്യ പങ്കാളിത്തത്തോടെ ചെറുകിടജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള നയരേഖ 03.10.2012 ൽ സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. (GO(P) No. 25/2012/PD dated 03.10.2012- പകർപ്പ് (അനുബന്ധം-I) ആയി ചേർത്തിരിക്കുന്നു.) |
| (ബി) ചെറുകിട മേഖലയിലെ എല്ലാത്തരം വൈദ്യുത പദ്ധതികൾക്കും ഈ വ്യവസ്ഥകൾ ബാധകമാണോ; | (ബി) 25 MW വരെ സ്ഥാപിത ശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളാണ് ഈ പോളിസിയുടെ പരിധിയിൽ വരുന്നത്. സർക്കാർ പണി തീർത്ത ഡാമുകളുടെ വെള്ളം ഉപയോഗിച്ചുള്ള പദ്ധതികൾ തുടങ്ങുവാൻ സ്വകാര്യസംരംഭകരെ അനുവദിയ്ക്കുകയില്ല. |
| (സി) പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിൽ എത്ര പദ്ധതികൾക്കുള്ള ഓഫർ ലഭിക്കുകയുണ്ടായി; ഏതെല്ലാം; വിശദമാക്കാമോ? | (സി) ഈ പോളിസിയുടെ അടിസ്ഥാനത്തിൽ 62 ചെറുകിട ജലവൈദ്യുത പദ്ധതികൾ സ്വകാര്യമേഖലയുടെ സഹായത്തോടെ മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ നല്കുന്നതിന് സർക്കാർ തീരുമാനമാനിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) ബിൽഡ് ഓപ്പറേറ്റ്- ട്രാൻസ്ഫർ രീതിയിൽ എത്ര പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കും; ഏതൊക്കെ; വിശദമാക്കുമോ; പദ്ധതി അനുവദിക്കാനുള്ള യോഗ്യത എന്താണ്; വ്യക്തമാക്കുമോ? | (ഡി) 62 ചെറുകിട ജലവൈദ്യുത പദ്ധതികളാണ് BOOT രീതിയിൽ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ നല്കുവാൻ തീരുമാനിച്ചിരിക്കുന്നത്. ദർഘാസിന്റെ നടപടികൾ തുടങ്ങുന്നതേയുള്ളൂ. Build, Own Operate, transfer രീതിയിൽ ടി 62 പദ്ധതികളാണ് ദർഘാസിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി സർക്കാർ തീരുമാനിച്ചിരിക്കുന്നത്. പദ്ധതികളുടെ വിവരം (അനുബന്ധം -II) ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**